**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5955 04.07.2019 -ൽ മറുപടിക്ക്

## കായിക അദ്ധ്യാപക നിയമനം

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി |
|---|---|
| (എ) സംസ്ഥാനത്തെ 3,367 സ്കൂളുകളിൽ കായിക അദ്ധ്യാപകർ ഇല്ല എന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ പല സ്കൂളുകളിലും കായിക അദ്ധ്യാപകർ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കായിക അദ്ധ്യാപകരെ നിയമിക്കുന്നതിനായി എട്ട്, ഒൻപത് ക്ലാസ്സുകളിൽ 5 ഡിവിഷനുകൾ ഉണ്ടെങ്കിൽ മാത്രമേ പരിഗണിക്കു എന്നുള്ളപ്പോൾ ഈ അദ്ധ്യാപകരെ കൊണ്ട് പത്താം ക്ലാസ്സും പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിലും കായിക പരിശീലനം നൽകുന്ന എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ആനുപാതികമായി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുമോ; | (ബി) ഹൈസ്കൂൾ ക്ലാസുകളിൽ കായിക അദ്ധ്യാപകർ പരിശീലനം നൽകുന്നുണ്ട്. എന്നാൽ പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിൽ ഹൈസ്കൂൾ അദ്ധ്യാപകർ പരിശീലനം നൽകുന്നില്ല. |
| (സി) നിലവിലെ യു.പി സ്കൂൾ സർവീസിൽ ഇരിക്കുന്ന കായിക അദ്ധ്യാപകരുടെ അനുപാതം അനുസരിച്ച് തസ്തികകൾ കണക്കാക്കി പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉള്ള ഉദ്യോഗാർത്ഥികളിൽ നിന്നും നിയമനം നടത്തുമോ; യു.പി, എച്ച്.എസ്. റാങ്ക് ലിസ്റ്റുകൾ നിലനിൽക്കെ ഉദ്യോഗാർത്ഥികളുടെ അവസരം നിഷേധിച്ചുകൊണ്ട് എസ്.എസ്.കെ.വഴി നിയമനം നടത്തുന്നത് ഗൗരവമായി കാണുമോ; | (സി) നിലവിലെ തസ്തിക നിർണ്ണയത്തിനു വേണ്ട കുട്ടികളുടെ എണ്ണം/പിരീഡ് അനുസരിച്ച് തസ്തികകൾ കണക്കാക്കി ഒഴിവുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നിഷേധിച്ചു കൊണ്ട് എസ്.എസ്.കെ വഴി നിയമനം നടത്തുന്നില്ല. |

(ഡി) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിൽ മറ്റ് വിഷയങ്ങളിൽ കാലോചിതമായി കെ.ഇ.ആർ. പരിഷ്കരണം നടത്തുമ്പോൾ കായിക വിദ്യാഭ്യാസത്തെ ഒഴിവാക്കുകയും മറ്റ് വിഷയങ്ങളിൽ പുതിയ പോസ്റ്റുകൾ സൃഷ്ടിക്കുമ്പോൾ സാമ്പത്തിക ബാധ്യതകൾ പറഞ്ഞ് കായിക അദ്ധ്യാപകരെ പിൻതള്ളുന്നത് കായിക മേഖലയോടും കായിക അദ്ധ്യാപകരോടും കാണിക്കുന്ന അവഗണനയായി കാണുമോ;വ്യക്തമാക്കുമോ ?

(ഡി) നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായാണ് കായിക അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നത്.

സെക്ഷൻ ഓഫീസർ